നിലപാട്
●
ഹമീദ് വാണിമേൽ

# ഉപതെരഞ്ഞെടുപ്പിലെ ജമാഅത്ത് നിലപാട്

**പിന്തുണക്കാതെ മാറിനിൽക്കണമെന്ന ജമാഅത്ത് തീരുമാനം ജനാധിപത്യത്തോടുള്ള വെല്ലുവിളിയോ ബഹിഷ്കരണമോ അല്ല. ഇത്തരം പ്രചാരവേലകളുമായി ജമാഅത്ത് വിരുദ്ധർ കച്ചകെട്ടി ഇറങ്ങിയിരിക്കുന്നു. ഇരു മുന്നണികളെയും പിന്തുണക്കാൻ കഴിയാതിരിക്കുകയും മറ്റൊരു സംവിധാനം ഇല്ലാതിരിക്കുകയും ചെയ്താൽ ജനാധിപത്യ സംവിധാനത്തിൽ ഇതല്ലാത്ത മറ്റെന്ത് വഴിയാണ് സ്വീകരിക്കാൻ സാധിക്കുക?**

**തെരഞ്ഞെടുപ്പ്** രാഷ്ട്രീയത്തിൽ സ്വന്തമായ നിലപാടെടുത്ത് സജീവമായി ഇടപെടുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ആദർശാടിത്തറയിൽ നിന്നുകൊണ്ട് നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തി, ഉദ്ദേശിക്കുന്ന മാറ്റത്തിന് തെരഞ്ഞെടുപ്പ് അടക്കമുള്ള സാമൂഹ്യസംവിധാനങ്ങളെ സാധ്യമാകുന്ന അളവിൽ ഉപയോഗപ്പെടുത്താൻ പ്രസ്ഥാനം നാളിതുവരെ താൽപര്യം കാണിച്ചിട്ടുണ്ട്. മൂന്ന് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള 2009 സെപ്റ്റംബർ 7-ലെ ഉപതെരഞ്ഞെടുപ്പിന് വലിയ രാഷ്ട്രീയ പ്രാധാന്യമില്ലെങ്കിലും ഇരുമുന്നണികളും ജീവൻമരണ പോരാട്ടമായിട്ടാണ് ഇതിനെ കണ്ടത്. കണ്ണൂരിലും എറണാകുളത്തും ആലപ്പുഴയിലും ഇരുമുന്നണികളും തങ്ങളുടെ മുഴുവൻ വിഭവങ്ങളും പുറത്തെടുത്തായിരുന്നു പ്രചാരണം നടത്തിയത്. ഈ തെരഞ്ഞെടുപ്പ് കോൺഗ്രസ് നേതൃത്വം സംസ്ഥാനത്ത് കെട്ടിയേൽപ്പിച്ച ഒരധിക ബാധ്യതയാണ്. ഡസൻകണക്കിന് നേതാക്കൾ തെക്കുവടക്ക് നടക്കുന്ന കോൺഗ്രസിൽ മൂന്ന് നിയമസഭാ സാമാജികരെ പാർല

മെന്റിലേക്ക് അയക്കുകയും ഇത്തരം ഒരു തെരഞ്ഞെടുപ്പിന് അനാവശ്യമായ അവസരം ഒരുക്കുകയുമാണ് ചെയ്തത്. എന്നാലും ഈ തെരഞ്ഞെടുപ്പിൽ നിലപാട് സ്വീകരിച്ച് പ്രതികരിക്കാനുള്ള പൗരാവകാശ ബാധ്യതയിൽനിന്ന് മാറിനിൽക്കാതെ ഗൗരവത്തോടെത്തന്നെ ഇടപെടാനാണ് ജമാഅത്ത് തീരുമാനിച്ചത്.

2006 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പൂർണമായും അതിനുശേഷം നടന്ന ഉപതെരഞ്ഞെടുപ്പിലും ഇക്കഴിഞ്ഞ ലോകസഭാതെരഞ്ഞെടുപ്പിൽ 18 മണ്ഡലങ്ങളിലും ഇടതുപക്ഷത്തെയാണ് ജമാഅത്ത് പിന്തുണച്ചത്. ദേശീയ–അന്തർദേശീയ–പ്രാദേശിക സാഹചര്യങ്ങളെ കൃത്യമായി വിലയിരുത്തി ഈ ഓരോ തെരഞ്ഞെടുപ്പിലും ജമാഅത്ത് നിലപാട് പ്രഖ്യാപിച്ചുകൊണ്ടാണ് ഇടതുപക്ഷത്തെ പിന്തുണച്ചത്. ഇരുമുന്നണികളിൽ ഒന്നിനെ പിന്തുണക്കണമെന്ന നിർബന്ധിതാവസ്ഥയുടെ ഭാഗമായിരുന്നില്ല ഈ നിലപാടുകളൊന്നും. ഓരോ തെരഞ്ഞെടുപ്പിലും പിന്തുണയുടെ അടിസ്ഥാന കാരണങ്ങൾ വ്യക്തമാക്കുന്ന നയവിശദീകരണം നടത്താറുണ്ട്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് പിന്തുണ പ്രഖ്യാപിച്ച് ഇറക്കിയ പ്രസ്താവനയിൽ ഇങ്ങനെ വിശദീകരിക്കുന്നു. " മനുഷ്യന്റെ മൗലികവും പ്രാഥമികവുമായ ആവശ്യങ്ങളാണ് വിദ്യാഭ്യാസവും ആരോഗ്യവും. മുതലാളിത്തം സൃഷ്ടിച്ച പുതിയ സാഹചര്യത്തിൽ നിലവിലെ സംസ്ഥാന ഭരണകൂടവും അതിന് നേതൃത്വം കൊടുക്കുന്ന മുന്നണിയും ഈ രണ്ട് മേഖലകളെയും കച്ചവടവൽക്കരിക്കുകയും സാധാരണക്കാരന് അപ്രാപ്യമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. ചെറുത്തു തോൽപ്പിക്കപ്പെടേണ്ട മുതലാളിത്ത പ്രവണതകളാണ് ഇവയെന്ന് ജമാഅത്തെ ഇസ്‌ലാമി മനസ്സിലാക്കുന്നു. നേരത്തെ സൂചിപ്പിച്ച ആഗോളീകരണത്തിന്റെയും കച്ചവട താല്പര്യങ്ങളുടെയും ഫലമായി മനുഷ്യവിരുദ്ധവും പ്രകൃതിവിരുദ്ധവുമായ വികസന രീതികൾ നടപ്പിലാക്കപ്പെടുന്നു. നമ്മുടെ സംസ്ഥാനത്ത് വികസനത്തിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പലതും പാരിസ്ഥിതിക സന്തുലനത്തെ അട്ടിമറിക്കുന്നതും സാമാന്യജനത്തിന്റെ ജീവിതം ദുരിതപൂർണമാക്കുന്നതുമാണ്. ആപൽക്കരമായ ഇത്തരം നീക്കങ്ങൾക്കെതിരായ പോരാട്ടത്തിലാണ് ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ പോഷകഘടകങ്ങളും മീഡിയയും. ഈ സമരങ്ങളോടും കാഴ്ചപ്പാടുകളോടും തത്ത്വാധിഷ്ഠിതമായ അനുഭാവം പുലർത്താൻ സാധിക്കുക താരതമ്യേന ഇടതുപക്ഷത്തിനായിരിക്കുമെന്നു ജമാഅത്തെ ഇസ്‌ലാമി കരുതുന്നു. എന്നാൽ ഇടതുപക്ഷം ഇതഃപര്യന്തം പുലർത്തിപ്പോരുന്ന നിലപാടുകളോട് ജമാഅത്തെ ഇസ്‌ലാമി പൂർണമായി യോജിക്കുന്നു എന്ന് ഇതിനർഥമില്ല" (*മാധ്യമം* 2006 ഏപ്രിൽ 6).

അന്നത്തെ യു.ഡി.എഫ് ഭരണത്തെക്കുറിച്ച് ജമാഅത്ത് നിരീക്ഷണം ശരിയാണെന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു തെരഞ്ഞെടുപ്പിലെ ജനവിധി. തെറ്റായ വികസന നയത്തിനും കോൺഗ്രസ് ഗ്രൂപ്പ് കളിക്കും ജനവിരുദ്ധ സമീപനങ്ങൾക്കുമെതിരെ ജനവികാരം ആളിക്കത്തിയതിന്റെ ഫലമായിട്ടാണ് 98 സീറ്റും ഇടതുമുന്നണിക്ക് പിടിച്ചെടുക്കാൻ സാധിച്ചത്. ആറു മാസത്തിനുശേഷം തിരുവമ്പാടി ഉപതെരഞ്ഞെടുപ്പിൽ ഇടതു ഭരണത്തിന്റെ വീഴ്ചകൾ തുറന്നുകാട്ടിയും തിരുത്താനുള്ള അവസരം അവർക്കുണ്ടെന്ന പ്രതീക്ഷയോടുകൂടിയുമാണ് വീണ്ടും അവരെ ജമാഅത്ത് പിന്തുണച്ചത്. 2006 നവംബർ 26 ന് ഓമശ്ശേരിയിൽ നടന്ന തെരഞ്ഞെടുപ്പ് നയപ്രഖ്യാപന സമ്മേളനത്തിൽ ജമാഅത്ത് അമീർ ടി.ആരിഫലി പ്രഖ്യാപിച്ചതും ഇതുതന്നെയായിരുന്നു. " ആറുമാസം മുമ്പുനടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിയെ പിന്തുണക്കാനുണ്ടായ സാഹചര്യങ്ങളിൽ മൗലികമായ മാറ്റങ്ങളുണ്ടായിട്ടി

**സർക്കാറിനെ നേർവഴിക്ക് ചലിപ്പിക്കാനുള്ള പ്രതിപക്ഷ ധർമം നിർവഹിക്കുന്നതിൽ യു.ഡി.എഫ് പരാജയപ്പെട്ടു. കേരളത്തിലെ കർഷകരെ ഒന്നടങ്കം ബാധിക്കുന്ന ആസി യാൻ കരാറിന്റെ വിഷയത്തിൽ പോലും സംസ്ഥാന ത്തിന്റെ താൽപര്യത്തോടൊപ്പം ഉറച്ചുനിൽക്കാനും കേന്ദ്ര ത്തിൽ ശക്തമായ സമ്മർദം ചെലുത്താനും ശ്രമിക്കാതെ ഇടതുപക്ഷ ആരോപണമായി മാത്രം ഇത് അവതരിപ്പിക്കാ നാണ് ശ്രമിച്ചത്. ബസ് ചാർജ്, വൈദ്യുതി ചാർജ്, വെള്ള ക്കരം തുടങ്ങിയവ വർധിപ്പിച്ചപ്പോൾ ക്രിയാത്മകമായി പ്രതികരിക്കാനോ ശക്തമായ സമരത്തിലൂടെ സർക്കാറിനെ തിരുത്താനോ പ്രതിപക്ഷത്തിന് ഒട്ടും സാധിച്ചില്ല.**

ല്ല. ഭരണം ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടില്ലെങ്കിലും പോരായ്മകൾ പരിഹരിക്കാനുള്ള സാവകാശം സർക്കാറിനു നൽകണം. ആറുമാസം ഒരു ഭരണകൂടത്തെ വിലയിരുത്താൻ മതിയായ കാലയളവല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. സമീപകാല സംഭവങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ നയവൈകല്യങ്ങളെ കുറിച്ചും അസംതൃപ്തിയെക്കുറിച്ചും ഉത്തരവാദപ്പെട്ടവരുമായി സംസാരിച്ചിട്ടുണ്ടെന്നും സർക്കാറും ഇടതുമുന്നണിയും വീഴ്ചകൾ തിരുത്തുമെന്നാണ് പ്രതീക്ഷയെന്നും ആരിഫലി പറഞ്ഞു" (*മാതൃഭൂമി* 2006 നവംബർ 27)

ന്യൂനപക്ഷ വോട്ടിന്റെ പിൻബലത്തിൽ തന്നെ തിരുവമ്പാടി ഉപതെരഞ്ഞെടുപ്പിൽ ഇടതുപക്ഷം വിജയിച്ചു. എന്നാൽ മൂന്നര വർഷത്തെ ഇടതുഭരണത്തെ കൃത്യമായി വിലയിരുത്തി നിലപാട് സ്വീകരിക്കാൻ ബാധ്യസ്ഥമായ ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷമുന്നണിക്ക് വോട്ടുചെയ്യാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്.

### വഴിതെറ്റിയ ഇടതുപക്ഷം

ഇടതുഭരണത്തിലെ തെറ്റായ വികസന നയങ്ങളും മുഖ്യകക്ഷിയായ സി.പി.എമ്മിന്റെ വിഭാഗീയതയും വിദ്യാഭ്യാസ മേഖലയിലടക്കമുള്ള ന്യൂനപക്ഷ വിഷയങ്ങളിലെ താൽപര്യക്കുറവും ഘടകകക്ഷികളിലെ പടലപിണക്കങ്ങളും അടക്കം ഇടതുപക്ഷ സർക്കാറിൽ പ്രതീക്ഷയർപ്പിച്ച ജനങ്ങളിൽ വലിയ നിരാശയാണ് ഉണ്ടാക്കിയത്. താത്ത്വികമായി മുതലാളിത്തവിരുദ്ധ നയമുള്ള ഇടതുപക്ഷത്തിന്റെ വ്യവസായ അടുക്കളയിൽ പാകംചെയ്തുകൊണ്ടിരിക്കുന്ന മിക്ക പദ്ധതികളും യു.ഡി.എഫിന്റെ കാലത്തെ വ്യവസായ നയത്തിന്റെ പിന്തുടർച്ചയായിട്ടാണ് അനുഭവപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായ ഉണർവിനെ അംഗീകരിക്കുന്നതോടൊപ്പം, സ്വകാര്യമേഖലയിൽ രൂപപ്പെടുന്ന മുതലാളിത്ത സമീപനം അംഗീകരിക്കാൻ പറ്റാത്തതാണ്. പാർട്ടിയിലെ വിഭാഗീയതയാവട്ടെ കോൺഗ്രസ് ഗ്രൂപ്പ് വഴക്കിനെപ്പോലും തോൽപ്പിക്കുന്ന വിധമാണ്. ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ സ്വന്തം സ്ഥാനാർഥികൾക്കെതിരെ വോട്ടുചെയ്യാൻ പോലും സന്നദ്ധമായത് നിസ്സാര കാര്യമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലോകബാങ്ക് വായ്പ യു.ഡി.എഫ് ഭരണകാലത്ത് നിഷിദ്ധമാണെന്ന് പ്രഖ്യാപിച്ച് സി.പി.എം അധികാരത്തിലെത്തിയ ഉടനെ

അത് സ്വീകരിക്കാനാണ് താൽപര്യം കാണിച്ചത്. മതന്യൂനപക്ഷ പ്രശ്നങ്ങളിൽ സജീവമായി ഇടപെടാൻ താൽപര്യം കാണിച്ച ഇടതുസർക്കാർ അതിന്റെ പ്രായോഗിക മേഖലയിൽ കാര്യമായി ഒന്നും ചെയ്തില്ല. സച്ചാർ റിപ്പോർട്ട് വെളിപ്പെടുത്തലുകളുടെ ഭാഗമായി പാലൊളി കമ്മിറ്റിയെ നിയോഗിച്ച് അതിവേഗ റിപ്പോർട്ട് വാങ്ങി അംഗീകാരം നൽകിയെങ്കിലും അത് നടപ്പാക്കാൻ സർക്കാറിന് ഇനിയും സാധിച്ചിട്ടില്ല. മദ്റസാ അധ്യാപക ക്ഷേമനിധി ഉദ്ഘാടനത്തിലവസാനിച്ചു. ഇടതുപക്ഷ പ്രകടന പത്രികയിലെ നരേന്ദ്രൻ കമീഷൻ റിപ്പോർട്ടിലെ ബാക്ക്ലോഗ് വളരെ പെട്ടെന്ന് നികത്തുമെന്ന വാഗ്ദാനം പ്രഖ്യാപനത്തിൽ ഒതുങ്ങി. വിദ്യാഭ്യാസ വകുപ്പ് നിരന്തരം വിവാദങ്ങൾ സൃഷ്ടിക്കുകയും ന്യൂനപക്ഷ വിരുദ്ധത അതിന്റെ മുഖമുദ്രയായി മാറുകയും ചെയ്തു. ഏറ്റവും അവസാനം ലോകസഭാ തെരഞ്ഞെടുപ്പ് സമയത്ത് വിദ്യാഭ്യാസ വകുപ്പിനെതിരെ ന്യൂനപക്ഷ സമൂഹത്തിന്റെ ആശങ്ക പരിഗണിച്ച് ആവശ്യമായത് ചെയ്യുമെന്ന പ്രതീക്ഷ നൽകിയെങ്കിലും പിന്നീട് ഒരനക്കവുമുണ്ടായില്ല. ഇത് ഇടതുപക്ഷ സർക്കാറിനെതിരെ കുറ്റപത്രം സമർപ്പിക്കാനുള്ള ശ്രമമല്ല. അവശേഷിക്കുന്ന നാളുകളിൽ ജാഗ്രത കാണിക്കാനുള്ള ഒരു സന്ദേശം നൽകൽ കൂടിയാണ്. മുസ്ലിം ന്യൂനപക്ഷത്തിന്റെ സാമ്രാജ്യത്വ വിരുദ്ധ വികാരത്തെ എല്ലാ കാലത്തും ഒരുപോലെ വോട്ടാക്കി മാറ്റാനാവുമെന്ന് കരുതുന്നത് മൗഢ്യമല്ല. ന്യൂനപക്ഷ പ്രശ്നങ്ങളും അവകാശങ്ങളും മുഖവിലക്കെടുക്കാൻ സർക്കാർ സന്നദ്ധമാവണം. കേരളത്തിൽ ഇടതുപക്ഷ ചരിത്രത്തിൽ ഏറ്റവും വലിയ പിന്തുണ ന്യൂനപക്ഷ സമൂഹത്തിൽ നിന്നു ലഭിച്ചിട്ടും അതിനോട് അനുകൂലമായി പ്രതികരിക്കാൻ ഇടതുമുന്നണിക്ക് സാധിച്ചില്ല. കേന്ദ്രഗവൺമെന്റിന്റെ ന്യൂനപക്ഷ വിദ്യാഭ്യാസ സഹായങ്ങൾ പോലും സംസ്ഥാനത്ത് പരാതികളില്ലാതെ വിതരണം ചെയ്യാൻ ഇടതു സർക്കാറിന് കഴിഞ്ഞില്ല.

## യു.ഡി.എഫ്<br>എവിടെ നിൽക്കുന്നു?

സംസ്ഥാനത്തിന്റെ പൊതു താൽപര്യം ഉയർത്തിപ്പിടിച്ച് ഒരു ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കാൻ യു.ഡി.എഫ് നേതൃത്വത്തിന് സാധിച്ചിട്ടില്ല. സർക്കാറിനെ നേർവഴിക്ക് ചലിപ്പിക്കാനുള്ള പ്രതിപക്ഷ ധർമം നിർവഹിക്കുന്നതിൽ യു.ഡി.എഫ് പരാജയപ്പെട്ടു. ഇടതു ഭരണ പരാജയത്തിന്റെ നെഗറ്റീവ് വോട്ടിൽ അടുത്ത ഭരണം സ്വപ്നം കാണുകയാണ് യു.ഡി.എഫ്. ഏറ്റവും അവസാനം കേരളത്തിലെ കർഷകരെ ഒന്നടങ്കം ബാധിക്കുന്ന ആസിയാൻ കരാറിന്റെ വിഷയത്തിൽ പോലും സംസ്ഥാനത്തിന്റെ താൽപര്യത്തോടൊപ്പം ഉറച്ചുനിൽക്കാനും കേന്ദ്രത്തിൽ ശക്തമായ സമ്മർദം ചെലുത്താനും ശ്രമിക്കാതെ ഇടതുപക്ഷ ആരോപണമായി മാത്രം ഇത് അവതരിപ്പിക്കാനാണ് ശ്രമിച്ചത്. ബസ് ചാർജ്, വൈദ്യുതി ചാർജ്, വെള്ളക്കരം തുടങ്ങിയവ വർധിപ്പിച്ചപ്പോൾ ക്രിയാത്മകമായി പ്രതികരിക്കാനോ ശക്തമായ സമരത്തിലൂടെ സർക്കാറിനെ തിരുത്താനോ പ്രതിപക്ഷത്തിന് ഒട്ടും സാധിച്ചില്ല. വിദ്യാഭ്യാസ-ആരോഗ്യ-ആഭ്യന്തര വകുപ്പുകളിലെ പ്രശ്നങ്ങളെപ്പോലും സജീവവും സത്യസന്ധവുമായി കൈകാര്യം ചെയ്യാൻ അവർക്ക് സാധിച്ചില്ല. പി.എസ്.സിയിലെ ന്യൂനപക്ഷ താൽപര്യം അട്ടിമറിക്കും വിധമുള്ള ജാതീയ താൽപര്യങ്ങൾ സംരക്ഷിക്കാനും അവർ കൂട്ടുനിന്നു. ആസിയാൻ കരാർ അടക്കമുള്ള മുതലാളിത്ത ആഗോളീകരണ സമീപനങ്ങളിലെ നയമില്ലായ്മയുമടക്കം നിരവധി വിഷയങ്ങളിൽ സ്വന്തമായ ഒരു കാഴ്ചപ്പാടുമില്ലാത്ത സാമ്പാർ സമീപനമാണ് പ്രതിപക്ഷത്തിനുള്ളത്. ഹൈവേ

**ഇടതുഭരണത്തിലെ തെറ്റായ വികസന നയങ്ങളും മുഖ്യകക്ഷിയായ സി.പി.എമ്മിന്റെ വിഭാഗീയതയും വിദ്യാഭ്യാസ മേഖലയിലടക്കമുള്ള ന്യൂനപക്ഷ വിഷയങ്ങളിലെ താൽപര്യക്കുറവും ഘടകകക്ഷികളിലെ പടലപിണക്കങ്ങളും അടക്കം ഇടതുപക്ഷ സർക്കാറിൽ പ്രതീക്ഷയർപ്പിച്ച ജനങ്ങളിൽ വലിയ നിരാശയാണ് ഉണ്ടാക്കിയത്. താത്ത്വിക മായി മുതലാളിത്ത വിരുദ്ധനയമുള്ള ഇടതുപക്ഷത്തിന്റെ വ്യവസായ അടുക്കളയിൽ പാകംചെയ്തുകൊണ്ടിരിക്കുന്ന മിക്ക പദ്ധതികളും യു.ഡി.എഫിന്റെ കാലത്തെ വ്യവസായ നയത്തിന്റെ പിന്തുടർച്ചയായിട്ടാണ് അനുഭവപ്പെടുന്നത്.**

---

വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന അനേകായിരം കുടുംബങ്ങളുടെ കണ്ണുനീർ കാണാൻ പോലും പ്രതിപക്ഷം തയാറല്ല. മാറ്റങ്ങൾക്ക് സന്നദ്ധമാവാതെ ഇന്നത്തെ സാഹചര്യത്തിൽ ഈ മുന്നണിയെ പിന്തുണക്കാൻ ജമാഅത്തെ ഇസ്‌ലാമിയെപ്പോലെയുള്ള ഒരാദർശ പ്രസ്ഥാനത്തിന് സാധ്യമല്ല.

ഇരു മുന്നണികളെയും പിന്തുണക്കാൻ കഴിയാത്ത ഇത്തരം സാഹചര്യത്തിൽ ജമാഅത്തെ ഇസ്‌ലാമി എന്തു ചെയ്യണം? ഇരു മുന്നണികൾക്കും വ്യക്തമായ സന്ദേശം നൽകിക്കൊണ്ട് മറ്റൊരു വഴി തേടാനേ ഇസ്‌ലാമിക പ്രസ്ഥാനത്തിന് സാധിക്കുകയുള്ളൂ. ഇരു മുന്നണിയിൽ ഒന്നിനെ പിന്തുണക്കൽ മാത്രമാണ് രാഷ്ട്രീയ ഇടപെടലിന്റെ അവസാന രൂപമെന്ന് പ്രസ്ഥാനം കരുതുന്നില്ല.

## ഇരു മുന്നണികൾക്കും ജമാഅത്ത് പിന്തുണയില്ല

ഇരു മുന്നണികളെയും പിന്തുണക്കാതിരിക്കാനാണ് ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന നേതൃത്വം തീരുമാനിച്ചത്. ജനാധിപത്യ സംവിധാനത്തിൽ ഏതൊരു പൗരനും ഗ്രൂപ്പിനും വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. പിന്തുണക്കാതെ മാറിനിൽക്കണമെന്ന ജമാഅത്ത് തീരുമാനം ജനാധിപത്യത്തോടുള്ള വെല്ലുവിളിയോ ബഹിഷ്കരണമോ അല്ല. ഇത്തരം പ്രചാരവേലകളുമായി ജമാഅത്ത് വിരുദ്ധർ കച്ചകെട്ടി ഇറങ്ങിയിരിക്കുന്നു. ഇരു മുന്നണികളെയും പിന്തുണക്കാൻ കഴിയാതിരിക്കുകയും മറ്റൊരു സംവിധാനം ഇല്ലാതിരിക്കുകയും ചെയ്താൽ ജനാധിപത്യ സംവിധാനത്തിൽ ഇതല്ലാത്ത മറ്റെന്ത് വഴിയാണ് സ്വീകരിക്കാൻ സാധിക്കുക?

ഇരു മുന്നണികളും സംസ്ഥാനത്തിന്റെ പൊതുതാൽപര്യങ്ങളോട് നീതി പുലർത്താനും സാമൂഹികനീതി ഉറപ്പുവരുത്താനും ജാഗ്രത കാണിക്കണമെന്ന സന്ദേശം ഉൾക്കൊള്ളാനാണ് തയാറാകേണ്ടത്. നിലപാടുകളും മാനവിക താൽപര്യങ്ങളും മൂല്യബോധവുമുള്ള ഒരു പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളെ മുന്നണി രാഷ്ട്രീയത്തിന്റെ ഏകപക്ഷീയമായ ത്രാസിൽ തൂക്കി മനസ്സിലാക്കാൻ എല്ലാവർക്കും ഒരുപോലെ സാധിച്ചുകൊള്ളണമെന്നില്ല. ഇരു മുന്നണികളും ജമാഅത്ത് തീരുമാനങ്ങളുടെ താൽപര്യം മനസ്സിലാക്കി ക്രിയാത്മകമായി പ്രതികരിക്കുമെന്നുതന്നെയാണ് ഇസ്‌ലാമിക പ്രസ്ഥാനം വിശ്വസിക്കുന്നത്. ■